**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 163** **23-08-2022 - ൽ മറുപടിയ്ക്ക്**

**ടിപി കേസിലെ പ്രതികൾക്ക് പരോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ടിപി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് 2016 മേയ് മാസം മുതൽ നാളിതുവരെ എത്ര ദിവസത്തെ പരോളാണ് അനുവദിച്ചിട്ടുള്ളത്; | (എ) | 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) പ്രകാരം തടവുകാർക്ക് പൊതുവെ ഒരു കലണ്ടർ വർഷത്തിൽ 60 ദിവസത്തെ സാധാരണ അവധിക്കും, ഒരു തവണ പരമാവധി 45 ദിവസം വരെയുള്ള അടിയന്തിര അവധിയ്ക്കും അർഹതയുണ്ട്. പ്രധാനമായും ഉറ്റബന്ധുക്കളുടെ വിവാഹം, മരണം, രോഗാവസ്ഥയോ ഉള്ള സമയത്ത് അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയാണ് അടിയന്തിര അവധി അനുവദിക്കുന്നത്.<br><br>2020, 2021 വർഷങ്ങളിൽ ലോകത്താകെ കോവിഡ്-19 മഹാമാരി പടർന്നുപിടിക്കുന്ന ഘട്ടത്തിൽ, നമ്മുടെ സംസ്ഥാനത്ത് കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് തടവുകാരുടെ സുരക്ഷ മുൻനിർത്തി രണ്ട് ഘട്ടത്തിലായി 26.03.2020 മുതൽ 10.01.2021 വരെയും 06.05.2021 മുതൽ 04.10.2021 വരെയും തുടർന്ന് സുപ്രീംകോടതിയുടെ നിർദ്ദേശം പരിഗണിച്ച് 12.05.2022 വരെയും തടവുകാർക്ക് അവരുടെ അപേക്ഷ ഇല്ലാതെ തന്നെ കോവിഡ് പ്രത്യേക അവധി സർക്കാർ അനുവദിച്ചിരുന്നു.<br><br>ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് അവധി അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ പറയുന്ന പ്രകാരമാണ്<br><br>സി.നമ്പർ 2492 കുഞ്ഞനന്തൻ-135 ദിവസം സാധാരണ അവധി, 122 ദിവസം അടിയന്തിര അവധി. ചികിത്സയിൽ കഴിയവെ 30.03.2020-ൽ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ജാമ്യം ലഭിച്ച് കഴിയവെ 11.06.2020-ന് മരണപ്പെട്ടു.<br><br>സി. നം. 2490 കെ.സി. രാമചന്ദ്രൻ-260 ദിവസം സാധാരണ അവധി, 20 ദിവസം അടിയന്തിര |

| | | | |
|---|---|---|---|
| | | | അവധി. സി. നമ്പർ 705/2017 ടി. കെ. രജീഷ്-165 ദിവസം സാധാരണ അവധിയും 10 ദിവസം അടിയന്തിര അവധിയും. സി. നമ്പർ 56/18 മനോജൻ-165 ദിവസം സാധാരണ അവധി, 92 ദിവസം അടിയന്തിര അവധി. സി. നമ്പർ 34/21 സിജിത്ത്-135 ദിവസം സാധാരണ അവധി, 135 ദിവസം അടിയന്തിര അവധി. സി. നമ്പർ 63/21 മുഹമ്മദ് ഷാഫിക് -60 ദിവസം സാധാരണ അവധി, 45 ദിവസം അടിയന്തിര അവധി, സി. നമ്പർ 123/21 ഷിനോജ്-155 ദിവസം സാധാരണ അവധി, സി.നമ്പർ 16/10 സുനിൽകുമാർ-60 ദിവസം സാധാരണ അവധി, സി നമ്പർ 1609-മനോജ്കുമാർ-135 ദിവസം സാധാരണ അവധി, 45 ദിവസം അടിയന്തിര അവധി. സി. നമ്പർ 1608 അനൂപ്-130 ദിവസം സാധാരണ അവധി, 45 ദിവസം അടിയന്തിര അവധി, സി. നമ്പർ 9330 റഫീഖ്-169 ദിവസം സാധാരണ അവധിയും 20 ദിവസം അടിയന്തിര അവധി. |
| (ബി) | പ്രതികൾ ഓരോരുത്തർക്കും ഏതൊക്കെ ഇനങ്ങളിലായി എത്ര ദിവസം വീതമാണ് പരോൾ അനുവദിച്ചിട്ടുള്ളത്; | (ബി) | 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) പ്രകാരം തടവുകാർക്ക് പൊതുവെ ഒരു കലണ്ടർ വർഷത്തിൽ 60 ദിവസത്തെ സാധാരണ അവധിക്കും, ഒരു തവണ പരമാവധി 45 ദിവസം വരെയുള്ള അടിയന്തിര അവധിയ്ക്കും അർഹതയുണ്ട്. പ്രധാനമായും ഉറ്റബന്ധുക്കളുടെ വിവാഹം, മരണം, രോഗാവസ്ഥയോ ഉള്ള സമയത്ത് അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയാണ് അടിയന്തിര അവധി അനുവദിക്കുന്നത്.<br><br>2020, 2021 വർഷങ്ങളിൽ ലോകത്താകെ കോവിഡ്-19 മഹാമാരി പടർന്നുപിടിക്കുന്ന ഘട്ടത്തിൽ, നമ്മുടെ സംസ്ഥാനത്ത് കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് തടവുകാരുടെ സുരക്ഷ മുൻനിർത്തി രണ്ട് ഘട്ടത്തിലായി 26.03.2020 മുതൽ 10.01.2021 വരെയും 06.05.2021 മുതൽ 04.10.2021 വരെയും തുടർന്ന് സുപ്രീംകോടതിയുടെ നിർദ്ദേശം പരിഗണിച്ച് 12.05.2022 വരെയും തടവുകാർക്ക് അവരുടെ അപേക്ഷ ഇല്ലാതെ തന്നെ കോവിഡ് പ്രത്യേക അവധി സർക്കാർ അനുവദിച്ചിരുന്നു.<br><br>ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് അവധി അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.<br><br>സി.നമ്പർ 2492 കുഞ്ഞനന്തൻ-135 ദിവസം സാധാരണ അവധി, 122 ദിവസം അടിയന്തിര |

| | | | |
|---|---|---|---|
| | | | അവധി. ചികിത്സയിൽ കഴിയവെ 30.03.2020-ൽ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ജാമ്യം ലഭിച്ച് കഴിയവെ 11.06.2020-ന് മരണപ്പെട്ടു.<br><br>സി. നം. 2490 കെ.സി. രാമചന്ദ്രൻ-260 ദിവസം സാധാരണ അവധി, 20 ദിവസം അടിയന്തിര അവധി. സി. നമ്പർ 705/2017 ടി. കെ. രജീഷ്-165 ദിവസം സാധാരണ അവധിയും 10 ദിവസം അടിയന്തിര അവധിയും. സി. നമ്പർ 56/18 മനോജൻ-165 ദിവസം സാധാരണ അവധി, 92 ദിവസം അടിയന്തിര അവധി. സി. നമ്പർ 34/21 സിജിത്ത്-135 ദിവസം സാധാരണ അവധി, 135 ദിവസം അടിയന്തിര അവധി. സി. നമ്പർ 63/21 മുഹമ്മദ് ഷാഫിക് -60 ദിവസം സാധാരണ അവധി, 45 ദിവസം അടിയന്തിര അവധി, സി. നമ്പർ 123/21 ഷിനോജ്-155 ദിവസം സാധാരണ അവധി, സി.നമ്പർ 16/10 സുനിൽകുമാർ-60 ദിവസം സാധാരണ അവധി, സി നമ്പർ 1609-മനോജ്കുമാർ-135 ദിവസം സാധാരണ അവധി, 45 ദിവസം അടിയന്തിര അവധി. സി. നമ്പർ 1608 അനൂപ്-130 ദിവസം സാധാരണ അവധി, 45 ദിവസം അടിയന്തിര അവധി, സി. നമ്പർ 9330 റഫീഖ്-169 ദിവസം സാധാരണ അവധിയും 20 ദിവസം അടിയന്തിര അവധി. |
| (സി) | പരോൾ കാലയളവിൽ ഈ പ്രതികൾ മറ്റേതെങ്കിലും കേസുകളിൽ ഉൾപ്പെടുകയോ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും 21.11.2018 ന് 30 ദിവസത്തെ സാധാരണ അവധിയിൽ പുറത്തിറങ്ങിയപ്പോൾ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നം. 935/2018 എന്ന കേസ് സി. നം.1610 സുനിൽകുമാറിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോവിഡ് പ്രത്യേകാവധി കാലയളവിൽ വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ പോലീസ് സ്റ്റേഷൻ ക്രൈം നം.23/22 എന്ന കേസിൽ സി. നം.1609 മനോജ് കുമാർ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ